**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2531** **12.03.2018-ൽ മറുപടിക്ക്**

**തൈക്കാട് മുതൽ ചെങ്ങന്നൂർ വരെ എം സി റോഡ് നവീകരണം**

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി**

(എ) തൈക്കാട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡ് കെ എസ് ടി പി -യുടെ നേതൃത്വത്തിൽ നിലവിൽ നവീകരിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നവീകരണപ്രക്രിയയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ആയൂരിനും ഏനാത്തിനും ഇടയിലുള്ള ഏതെല്ലാം ജംഗ്ഷനുകളുടെ നവീകരണത്തിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട് ; എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) എഗ്രിമെന്റ് പ്രകാരം 2018 ഏപ്രിൽ 27-ന് പദ്ധതിയുടെ കാലാവധി അവസാനിക്കും. സിവിൽ വർക്കുകൾ ഈ തീയതിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ഉൾപ്പെടെയുള്ള റോഡ് സേഫ്റ്റി വർക്കുകളുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ ടി പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 146,67,38,745/-

(സി) എം.സി റോഡിൽ ആയൂരിനും ഏനാത്തിനും ഇടയിൽ എട്ട് പ്രധാനപ്പെട്ട ജംഗ്ഷനുകളാണ് നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു.

1. ആയൂർ ജംഗ്ഷൻ
2. കൊല്ലം-ആയൂർ റോഡ് ജംഗ്ഷൻ
3. വാളകം ജംഗ്ഷൻ
4. കരിക്കം ജംഗ്ഷൻ
5. കൊട്ടാരക്കര ജംഗ്ഷൻ
6. കലയപുരം ജംഗ്ഷൻ
7. പുത്തൂർമുക്ക് ജംഗ്ഷൻ
8. ലക്ഷം വീട് ജംഗ്ഷൻ

ടി ജംഗ്ഷനുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷക്കായുള്ള നടപ്പാത നിർമ്മാണം, പാർക്കിംഗ് ഏരിയ, ബസ്ബേയും ബസ് ഷെൽട്ടറും (സ്ഥല ലഭ്യത അനുസരിച്ച്), റോഡിനും

ഫുട്ട്പാത്തിനും ഇടയിലുള്ള ഭാഗം ഇന്റർലോക്ക് കട്ടകൾ പാകവാനും, അപകടകരമായ വളവുകൾ മുന്നറിയിപ്പ് ബോർഡുകൾ, മീഡിയൻ, റോഡ് മാർക്കിംഗ് (എഡ്ജ് ലൈൻ, സെന്റർ ലൈൻ), സൈൻ ബോർഡുകൾ, പെഡസ്ട്രിയൻ ക്രോസിംഗ്, റോഡ് സ്റ്റഡ്സ്, സ്കൂൾ സോണുകളിൽ വേണ്ട സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, കൈവരിയോടുകൂടിയുള്ള നടപ്പാത, ക്രാഷ് ബാരിയർ, സോളാർ പവേർഡ് സ്ട്രീറ്റ് ലൈറ്റ് മുതലായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

S. Bindu
സെക്ഷൻ ഓഫീസർ